2017
ജൂലൈ
വാല്യം 10 | ലക്കം 7
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## ഭാരതാപ്പസ്തോലൻ
## വി. തോമാശ്ലീഹായുടെ തിരുനാൾ മംഗളങ്ങൾ



റോമിലെ 38 സമൂഹങ്ങളിൽ നിന്നുള്ള അഭയാർത്ഥികളുമായി ജൂൺ 19ന്
പരി. പിതാവ് ഫ്രാൻസീസ് പാപ്പാ കൂടിക്കാഴ്ച നടത്തുന്നു.



പരി. കന്യകാമാതാവിന്റെ മാതാപിതാക്കന്മാരായ
വി. ജൊവാക്കിമിന്റെയും വി. അന്നയുടെയും തിരുനാൾ
ജൂലൈ 26

JULY 2017
Vol.10 • No.7
REGISTERED NEWSPAPER
Reg.No. KERMAL/2008/24745

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Rev.Fr. George John Marymangalam**
Mob: 9446382249

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Msgr. Jose Navez** M.A. Ph.D.
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055

Editorial Board



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
**വിശുദ്ധ തോമാശ്ലീഹാ**
5 രൂപതാ കാര്യാലയത്തിൽ നിന്ന്:
TRANSFERS & APPOINTMENTS
**CATHEDRATICUM RECEIVED** (തുടർച്ച)
8 യുവജനദിനം – 2017 (കെ.സി.ബി.സി. സർക്കുലർ)
12 കേരളത്തെ മദ്യത്തിൽ മുക്കുന്ന
എൽഡിഎഫ് മദ്യനയം പിൻവലിക്കണം
(കെ.സി.ബി.സി.)
14 ഇടവക വാർത്തകൾ
16 മതബോധനരംഗം
23 വി.എസ്.എസ്.എസ്. വാർത്തകൾ
27 മിഷൻ കോൺഗ്രസ്സും
ബി.സി.സി. കൺവൻഷനും
28 എന്തുകൊണ്ടാണ് മദ്യപാനം പാപമാകുന്നത്?
31 നിർമ്മല നികേതൻ സീനിയർ സിറ്റിസൺസ് ഹോം
32 നീ പങ്കെടുക്കുന്ന ദിവ്യബലിയുടെ മാഹാത്മ്യം
34 അഭിവന്ദ്യ പിതാവിന്റെ ജൂലൈ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

EDITORIAL

# വിശുദ്ധ തോമാശ്ലീഹാ



**ഭാ**രതമണ്ണിന്റെ ചരിത്രതാളുകളിൽ തങ്കലിപികളിൽ എഴുതപ്പെട്ട നാമമാണ് ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനായ തോമാശ്ലീഹാ. ഗലീലിത്തടാകത്തിലെ ഒരു മുക്കുവനായിരുന്നു തോമസ്. വലയും തുഴയും പിടിക്കുന്ന ആ കൈകൾ യേശു ഒരുനാൾ സ്പർശിച്ചു. കടലും മീനും മണക്കുന്ന തോമസ് അങ്ങനെ ക്രിസ്തുശിഷ്യനായി, അപ്പസ്തോലനായി, വി. തോമാശ്ലീഹായായി.

അപ്പസ്തോലനായി ഉയർത്തപ്പെട്ടിട്ടും സാധാരണ മനുഷ്യന്റെ ബുദ്ധിയും വിശ്വാസവുമായിരുന്നു തോമസിന്. പക്ഷേ ദിദിമോസെന്ന തന്റെ പേര് അവൻ കൂടെ കൂട്ടിയില്ല എന്നോർക്കണം. ചിന്തയിലും പ്രവർത്തിയിലും ലാളിത്യമുണ്ടായിരുന്നു തോമസിന്. ഒരുനാൾ "എന്റെ പിതാവിന്റെ പക്കൽ ധാരാളം വാസസ്ഥലമുണ്ട്. നിങ്ങൾക്ക് സ്ഥലമൊരുക്കുവാൻ ഞാൻ അവിടേക്ക് പോകുന്നു." എന്ന് യേശു പറയുമ്പോൾ തോമസ് പറയുന്നത് "അങ്ങ് എവിടേയ്ക്ക് പോകുന്നു. എന്ന് ഞങ്ങൾക്കറിയില്ല പിന്നെ ഞങ്ങളെങ്ങനെ വഴിയറിയും" എന്നാണ്.

ദൈവത്തിനുവേണ്ടി മരിക്കാൻ ധൈര്യമുണ്ടായിരുന്നു തോമസിന്. അതുകൊണ്ടാണ് യേശു ബഥാനിയായിൽ ലാസറിന്റെ ശവകുടീരത്തിലേക്ക് പോകാൻ തുടങ്ങുമ്പോൾ അരുതാത്തത് പലതും സംഭവിക്കുമെന്ന് കരുതി ശ്ലീഹന്മാർ ഭയപ്പെട്ടപ്പോൾ "നമുക്കും അവനോടൊപ്പം പോയി മരിക്കാം" എന്ന് പറഞ്ഞത്.

യേശുവിനെ കാണാൻ മറ്റാരെയുംകാൾ കൂടുതൽ തോമസ് ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് തങ്ങൾ യേശുവിനെ കണ്ടു എന്ന് മറ്റു ശിഷ്യന്മാർ പറഞ്ഞപ്പോൾ അത് വിശ്വസിക്കാതെ യേശുവിനെ നേരിൽ കാണണമെന്ന് ശഠിച്ചത്.

ചരിത്രത്തിലെ ഏറ്റവും അർത്ഥവത്തായ വിശ്വാസ പ്രഖ്യാപനം തോമസിന്റേതായിരുന്നു. യേശു ദർശനം നൽകാനെത്തി തന്റെ പാർശ്വവും വിലാവും കാട്ടിയപ്പോൾ ഹൃദയം നിറഞ്ഞ് തോമസ് വിളിച്ചു പറഞ്ഞു. 'എന്റെ

# രൂപതാ കാര്യാലയത്തിൽ നിന്ന്

## TRANSFERS & APPOINTMENTS

1. Rev.Fr.Basil Padua OCD , Parish Priest, Good Shepherd Church, Kottayam and Vicar Forane of District No.1.
2. Rev.Fr.Lenin Jose Kallan OCD , Asst.Parish Priest, Good Shepherd Church, Kottayam.
3. Rev.Fr.Xavier Pappallil OCD , Parish Priest, St.Pius X Church, Pius Nagar.
4. Rev.Fr.Thomas Saji Kunnappilly OSJ, Parish Priest, St.Mary's Church, Vadavathoor.
5. Rev.Fr.Jijo Sebastian Kudilil CSC, Parish Priest, St.Joseph's Church, Chengalam.
6. Rev.Fr.Varghese Kottakkattu, in-charge of "Cornelianum" (in addition to the present responsibilities).

» എഡിറ്റോറിയൽ തുടർച്ച....

കർത്താവേ എന്റെ ദൈവമേ.' ലോകം ഇന്നുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും അർത്ഥവത്തായ വിശ്വാസ പ്രഖ്യാപനം.

തോമസിന്റെ ജീവിതം ഒരു ആരോഹണമാണ് മുക്കുവനിൽ നിന്നും അപ്പസ്തോലനിലേക്കുള്ള, അവിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്കുള്ള ആരോഹണം. തോമസിന്റെ ജീവിതം നമുക്ക് മാതൃകയാണ്, സാധാരണ മനുഷ്യന്റെ ചിന്തകളിൽ നിന്നും വിശ്വാസത്തിൽ നിന്നും നമുക്കും ഉയരാൻ സാധിക്കുമെന്നതിന് ഉത്തമ മാതൃക.

ഗലീലീകടലിന്റെ ഓളങ്ങളിൽ ജീവിതം കരുപ്പിടിപ്പിക്കാൻ നെട്ടോട്ടമോടിയവൻ ക്രിസ്തുവിനുവേണ്ടി ഭാരതത്തിൽ വന്ന് ഇരുണ്ട ജനതയ്ക്ക് വിശ്വാസദീപം പകർന്ന് ആ വിശ്വാസ ദീപത്തിലേക്ക് തന്റെ ചുടുചോര പകരാൻ കാരണമായത് ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി മാത്രമാണ്.

നമുക്കും ക്രിസ്തുവിനുവേണ്ടി ത്യാഗം ചെയ്യുന്നതിൽ ആനന്ദിക്കാം. തോമാശ്ലീഹായിൽ നിന്നും വിശ്വാസമേറ്റുവാങ്ങിയെന്ന അവകാശവാദം അർത്ഥവത്താകുന്നത് ജീവിതം കൊണ്ട് "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് നാമും ഏറ്റു പറയുമ്പോഴാണ്. ദുഃക്റാന അത് നമ്മെ ഓർമ്മിപ്പിക്കട്ടെ. ■

## CATHEDRATICUM RECEIVED (തുടർച്ച)

**2016-17**

| | |
|---|---|
| St. Mary’s Church, Vadavathoor | 9000.00 |
| St. Sebastian's Church, Cheenthalar | 5030.00 |
| St. Mary's Church, Kurumulloor | 30050.00 |
| St. Paul's Church, Vettimukul | 20000.00 |
| St. Joseph's Church, Yendayar | 2600.00 |
| St. Joseph's Church, Chengalam | 14000.00 |
| St. Sebastian's Church, Pullarikunnu | 4600.00 |
| Mary Mount Church, Changanacherry | 50000.00 |
| St. Mary’s Church, Kurumulloor | 14450.00 |
| **2015-16** | |
| St. Mary's Church, Kurumulloor | 30000.00 |
| St. Paul's Church, Vettimukul | 10000.00 |
| St. Martin De Porres, Adimaly | 10000.00 |
| St. Mary's Church, Mundakayam | 50000.00 |
| **2014-15** | |
| St. Mary's Church, Kurumulloor | 14450.00 |
| St. Martin De Porres, Adimaly | 7600.00 |
| **2013-14** | |
| St. Martin De Porres, Adimaly | 5500.00 |


**VIMALAHRUDAYA STUDENTS' RESIDENCE**

**KOTTAYAM**

**Ph: 0481- 2571440**


## MISSA PRO POPULO

എല്ലാ ഇടവക വികാരിമാരും ജനങ്ങൾക്കുവേണ്ടി (Pro Populo) ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കുർബ്ബാനക്കാണിക്ക (Mass Stipend) കൂടാതെ കുർബ്ബാന അർപ്പിക്കേണ്ടതാണ്. എന്നാൽ നമ്മുടെ രൂപതയിൽ മാസത്തിൽ ഒരു ബലി കുർബ്ബാനക്കാണിക്ക കൂടാതെ ചൊല്ലുകയും ബാക്കി ദിനങ്ങളിൽ രൂപതയിൽ നിന്നോ പള്ളിയിൽ നിന്നോ എടുക്കാവുന്നതാണ്.

# റവ.ഫാ. ലോറൻസ് ബുദ്ധ LFR



കുമിളി ആനവിലാസം ഉത്ഥാനാശ്രമ സുപ്പീരിയർ റവ.ഫാ. ലോറൻസ് ബുദ്ധ എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് 2017 ജൂൺ 15ന് "Mar Ephrem and the early ascetic tradition" എന്ന വിഷയത്തിൽ ഫിലോസഫിയിൽ ഡോക്ടറേറ്റ് നേടി. നേരത്തെ ഇറ്റലിയിലെ Bologna യൂണിവേഴ്സിറ്റിയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള വൈദികനാണ് ലോറൻസച്ചൻ. 1950 ജനുവരി 07ന് ഇറ്റലിയിൽ ഭൂജാതനായ അദ്ദേഹം 1978-ൽ LFRസന്യാസ സഭാംഗമായി ചേർന്നു. 1993 മെയ് മാസത്തിലാണ് നമ്മുടെ രൂപതയിൽ സ്ഥാപിതമായ ഉത്ഥാനാശ്രമത്തിലെത്തിയത്. 2016 ഡിസംബർ 15ന് അദ്ദേഹത്തിന് ഭാരത പൗരത്വം ലഭിക്കുകയുണ്ടായി. തീക്ഷ്ണമതിയായ സന്യാസശ്രേഷ്ഠൻ ബഹു. ലോറൻസച്ചന് രൂപതയുടെ പേരിലുള്ള അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു.




## ജന്മദിനാശംസകൾ

05 Rev. Fr. Abraham Kaliyath
09 Rev. Fr. Joy Kolathady
11 Rev. Fr. Peter Mathirappally
11 Rev. Fr. Antony Bobby Kochuparackal
12 Msgr. Mathew Muttethazhathu
15 Msgr. Henry Kochuparambil
15 Rev. Fr. Joseph Kalathil
16 Rev. Fr. Antony Kanakamangalam
16 Rev. Fr. Joseph Cheriyil
16 Rev. Fr. Kuruvilla Augustine Kurisuveettil
17 Rev. Fr. Sebastian Olikkara
26. Rev. Fr. Jos Kuruvilla Kadanthuruthel
26 Rev. Fr. Joseph Nelson Avaravila
27 Rev. Fr. Mathew Ozhathil
28 Rev. Fr. Thomas Shinto Velipparambil

**ജൂലൈ**

# യുവജനദിനം 2017

## ജൂലൈ 9, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!*

**ഒ**രു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഇത്തരം യാത്രയ്ക്കിടയിൽ സംഭവിച്ച ചില നഷ്ടങ്ങളുണ്ട്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനു വേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കുവേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

### 1. ആധുനിക ലോകത്തിലെ യുവജനങ്ങൾ

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബരജീവിതഭ്രമവും നവമാധ്യമ

സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

**2. വിശ്വാസവും വിളിയും**

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. "നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും" (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ്. (Gaudium et Spes-16). ദൈവം വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽ നിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. "എന്റെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ.5/45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ

ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളനായിരിക്കുമ്പോൾ ത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തുകൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തോസി, 205)

### 3. വിവേചിച്ചറിയൽ എന്ന ദാനം

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽ നിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്ര ചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. “ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല” (ഫുൾട്ടൻ ജെ ഷീൻ). “ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം” (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന

മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ ഇതിനോടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്കരേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപതകളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിലും, ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി.ബി.സി യുവജന കാര്യാലയത്തിൽ കഴിവതും വേഗം നല്ണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷചെയ്യുന്ന സന്ന്യാസിനിമാരെയും എല്ലാ യുവജനപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

*N.B. 2017 ജൂലൈ 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

# കേരളത്തെ മദ്യത്തിൽ മുക്കുന്ന എൽഡിഎഫ് മദ്യനയം പിൻവലിക്കണം

**കേ**രളത്തെ മദ്യത്തിൽ മുക്കുന്ന എൽഡിഎഫ് സർക്കാരിന്റെ മദ്യനയം പിൻവലിക്കണം. മദ്യനയത്തെ എതിർക്കുന്ന വ്യക്തികളെയും പ്രസ്ഥാന ങ്ങളെയും അധിക്ഷേപിച്ച് പിൻമാറ്റാനുള്ള ശ്രമം പ്രതിഷേധാർഹമാണ്. മദ്യ ത്തെപ്പറ്റിയുള്ള ചർച്ചകളിലേക്ക് വിശുദ്ധ കുർബാനയെയും വിശുദ്ധ കുർബാ നയിൽ ഉപയോഗിക്കുന്ന വീഞ്ഞിനെയും വലിച്ചിഴക്കുന്നത് ഒരു സമൂഹ ത്തിന്റെ മുഴുവൻ വിശ്വാസാചാരങ്ങളെ ചോദ്യംചെയ്ത് അവരെ നിശ്ശബ്ദ രാക്കാനാണ്. ഇത് ഉത്തരവാദിത്തപ്പെട്ടവരുടെ പിന്തുണയോടുകൂടി മദ്യ ലോബി നടത്തുന്ന ബോധപൂർവകമായ പ്രചാരണനടപടിയാണ്. ഇത്തരം നടപടികൾകൊണ്ട് മദ്യവിപത്തിനെതിരേയുള്ള പോരാട്ടങ്ങളിൽനിന്ന് സഭ യെയോ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളെയോ പിന്തിരിപ്പിക്കാം എന്നു കരുതേ ണ്ടതില്ല.

മദ്യത്തിന്റെ വിപത്ത് ഏറ്റവും കൂടുതൽ അനുഭവിക്കുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട്, കെസിബിസി മദ്യ വിരുദ്ധ മുന്നണി, മറ്റു മദ്യവിരുദ്ധ പ്രസ്ഥാനങ്ങളോടു ചേർന്ന് ശക്തമായ സമരത്തിന് നേതൃത്വം നല്കും.

മുപ്പത്തിയൊന്നു രൂപതകളിലെയും യുവജന സംഘടനകളുടെയും കെസിഎസ്എൽ ഉൾപ്പെടെയുള്ള കുട്ടികളുടെ സംഘടനകളുടെയും കെസി ബിസി വനിതാ കമ്മീഷൻ, കെസിബിസി ഫാമിലി കമ്മീഷൻ, കേരള കാത്ത ലിക് ഫെഡറേഷൻ, കത്തോലിക്കാ കോൺഗ്രസ്, മലങ്കര കാത്തലിക് അസോസിയേഷൻ, കെഎൽസിഎ തുടങ്ങിയ അല്മായ സംഘടനകളുടെ യും, കേരള മദ്യവിരുദ്ധ ഏകോപന സമിതിയുടെയും മറ്റു മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ മദ്യത്തിനെതിരേയുള്ള ചെറു ത്തുനില്പ് പ്രാദേശികതലങ്ങളിലേക്ക് വ്യാപിപ്പിക്കും.

പുതിയ മദ്യഷാപ്പുകളും ബാർഹോട്ടലുകളും തുറക്കാനുള്ള ശ്രമങ്ങളെ പ്രാദേശികമായ ചെറുത്തുനില്പുകളിലൂടെ തോല്പിക്കാൻ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും തേടും. സമാന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനകളുമായി ചേർന്ന് ഈ വിപ ത്തിനെതിരേയുള്ള ചെറുത്തുനില്പു ശക്തമാക്കാൻ എല്ലാ വിശ്വാസിക ളെയും ആഹ്വാനം ചെയ്യുന്നു.

– സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയം പൂർണമായി പിൻവലിക്കുക യോ, പുനപരിശോധിച്ച് കാര്യമായ തിരുത്തൽ വരുത്തുകയോ ചെയ്യുന്ന തുവരെ പ്രതിഷേധ പരിപാടികളുമായി മുന്നോട്ടുപോകും.

– തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയം നിർണയാവകാശം ഓർഡിനൻസിലൂടെ തിരുത്തിയ സർക്കാർ നടപടി അങ്ങേയറ്റം പ്രതിഷേ

ധാർഹമാണ്. മദ്യത്തിനെതിരേയുള്ള പ്രാദേശികമായ ചെറുത്തുനില്പുകളെ അടിച്ചമർത്താനുള്ള സർക്കാരിന്റെ ഇത്തരം നീക്കങ്ങൾ ശ്രമം കൂടുതൽ ഭവിഷ്യത്തുകൾ ക്ഷണിച്ചുവരുത്തും. ജനങ്ങളെ നിസ്സഹായരാക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ട് സർക്കാർ നടപ്പാക്കിയ ഓർഡിനൻസ് പിൻവലിക്കണം.

– സുപ്രീംകോടതി നിർദേശപ്രകാരം അടച്ചുപൂട്ടിയ ദേശീയ സംസ്ഥാന പാതകൾക്കു 500 മീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകൾ തുറന്നുപ്രവർത്തപ്പിക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്തിരിയണം. സമാന്തര മദ്യഷാപ്പുകൾ തുറന്ന് വിധിയെ മറികടക്കാനുള്ള ശ്രമം പ്രതിഷേധാർഹമാണ്. ജനങ്ങളുടെ ചെറുത്തുനില്പിനെ അവഗണിച്ച് മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ ശ്രമം കൂടുതൽ ഭവിഷ്യത്തുകൾ ക്ഷണിച്ചുവരുത്തും.

– പാതയോരത്തു പ്രവർത്തിച്ചിരുന്ന ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകൾ ജനവാസകേന്ദ്രങ്ങളിലേക്ക് മാറ്റിസ്ഥാപിക്കാനുള്ള ശ്രമത്തെ ജനകീയപ്രക്ഷോഭത്തിലൂടെ എതിർത്തു തോല്പിക്കും. ജനങ്ങളുടെമേൽ മദ്യഷാപ്പുകൾ അടിച്ചേല്പിക്കാനുള്ള ഏതുശ്രമത്തെയും നിയമപരമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ചെറുക്കും.

– പഞ്ചനക്ഷത്ര ഹോട്ടലുകളിൽ കള്ളു വില്ക്കാനുള്ള സർക്കാർനീക്കം മദ്യദുരന്തത്തിലേക്ക് വാതിൽ തുറക്കുന്നതാണ്. ചെത്തുന്ന തെങ്ങുകളുടെ എണ്ണവും സംസ്ഥാനത്തുല്പാദിപ്പിക്കുന്ന കള്ളിന്റെ അളവും നിലവിലുള്ള ഷാപ്പുകൾക്കുപോലും പര്യാപ്തമല്ലെന്നിരിക്കേ, കൃത്രിമ കള്ളിലേക്കും അതുവഴിയുള്ള മദ്യദുരന്തങ്ങളിലേക്കും തെങ്ങ്, പന തുടങ്ങിയ പരമ്പരാഗത ചെത്തുതൊഴിൽമേഖലയുടെ സമ്പൂർണനാശത്തിലേക്കും ഇത് വഴിവയ്ക്കുന്നതാണ്. ഈ തീരുമാനത്തിൽനിന്നും സർക്കാർ പിന്തിരിയണം.

– വിമാനത്താവളങ്ങളിലെ ഡൊമസ്റ്റിക് ടെർമിനലുകളിലും മദ്യം വില്ക്കാനുള്ള തീരുമാനം നാളിതുവരെ നിലവിലുണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും കാറ്റിൽപറത്തിക്കൊണ്ടുള്ളതാണ്. കേരളസമൂഹത്തെ അടിമുടി മദ്യവത്കരിക്കാനുള്ള സർക്കാർ നീക്കം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇത്തരം നീക്കങ്ങളിൽനിന്നും സർക്കാർ അടിയന്തിരമായി പിന്തിരിയണം.

കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും കേരളത്തിലെ മറ്റു മദ്യവിരുദ്ധ പ്രസ്ഥാനങ്ങളിലെയും സഭയിലെ വിവിധ സംഘടനാ ഭാരവാഹികളുടെയും സംയുക്ത സമ്മേളനം 2017 ജൂൺ 15-ാം തീയതി 1.30-ന് പിഒസിയിൽ ചേർന്ന് പ്രതിഷേധ പരിപാടികൾക്കു രൂപംനല്കും.

**ആർച്ചുബിഷപ്പ് സൂസപാക്യം**
*പ്രസിഡന്റ്, കെസിബിസി*

**ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ്**
*ചെയർമാൻ, കെസിബിസി ജാഗ്രത കമ്മീഷൻ*

**ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*ചെയർമാൻ, കെസിബിസി മീഡിയ കമ്മീഷൻ*

# ഇടവക വാർത്തകൾ

## പരിസ്ഥിതി ദിനാചരണം

### ക്രിസ്തുരാജ ദൈവാലയം, മൂവാറ്റുപുഴ



മൂവാറ്റുപുഴ ക്രിസ്തുരാജ ദൈവാലയത്തിൽ ലോക പരിസ്ഥിതി ദിനം വികാരി ഫാ. തോമസ് തൈപറമ്പിൽ വൃക്ഷതൈകൾ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. വിജയപുരം സോഷ്യൽ സർവ്വീസ് സാസൈറ്റി മൂവാറ്റുപുഴ മേഖല കോർഡിനേറ്റർ ശ്രീ. മെൽവിൻ ഈ വിഷയത്തെ സംബന്ധിച്ച് സന്ദേശം നല്കി. തദവസരത്തിൽ ഇടവക സമിതി സെക്രട്ടറി ശ്രീ. ബിജു മൈക്കിൾ, മതബോധന ഹെഡ്മിസ്ട്രസ്, സെക്രട്ടറി, മറ്റ് മതാദ്ധ്യപകർ, കുട്ടികൾ, മാതാപിതാക്കന്മാർ എന്നിവർ സന്നിഹിതരായിരുന്നു.

## അഭിനന്ദനങ്ങൾ



അൽക്കാമോൾ



അജിൽമോൻ

സേലം വിനായക മിഷൻ യൂണിവേഴ്സിറ്റിയിൽ നിന്നു മൂന്നാം റാങ്കോടെ ഫാർമസിയിൽ ഡോക്ടറേറ്റ് നേടിയ അൽക്കാമോൾ അന്നാ ജോർജ്ജും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നു അഞ്ചാം റാങ്കോടെ ഫിസിയോതെറാപ്പിയിൽ മാസ്റ്റർ ബിരുദം നേടിയ അജിൽമോൻ ആന്റണി ജോർജ്ജും. ഇരുവരും പുല്ലരിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗവും വിജയപുരം രൂപതാ മതബോധന ഭാരവാഹിയുമായ ജോർജ് കെ. ആന്റണിയുടെയും സെലിനാമ്മ ജോർജിന്റെയും മക്കളാണ്.

# അഭിനന്ദനങ്ങൾ

**എല്ലാ വിഷയങ്ങൾക്കും A+ / A1 കരസ്ഥമാക്കിയവർക്ക്**
**രൂപതയുടെ ഹാർദ്ദമായ അഭിനന്ദനങ്ങൾ**

## SSLC / CBSE - X



**അമല ജോർജ്**
(സെന്റ് തെരേസാസ്, പാക്കിൽ)



**സാനിയ മേരി സെബാസ്റ്റ്യൻ**
(സെന്റ് ജോസഫ്സ് പൂവം)



**മിലിയ റോസ് ചാർളി**
(നല്ലയിടയൻ, കോട്ടയം)



**ടോണി എസ്. ചെരിയത്ത്**
(സെന്റ് തെരേസാസ്, പാക്കിൽ)



**ആൽബി ജോസഫ്**
സെന്റ് മേരീസ്, മുണ്ടക്കയം)



**ഏലിയാസ് ഇഗ്നേഷ്യസ്**
സെന്റ് മേരീസ്, മുണ്ടക്കയം)



**ബെൻ കെ. ജോസ്**
സെന്റ് മേരീസ്, മുണ്ടക്കയം)



**അന്ന റോയി**
സെന്റ് മേരീസ്, മുണ്ടക്കയം)



**സിമി സജി**
(സെന്റ് മേരീസ്, മുണ്ടക്കയം)



**റോബിൻ സേവ്യർ**
(സെന്റ് മേരീസ്, മുണ്ടക്കയം)

## PLUS 2



**ശിൽപാ സെബാസ്റ്റ്യൻ**
(സെന്റ് തെരേസാസ്, പാക്കിൽ)



**ഷെറിൻ ബിജു**
(സെന്റ് ജോസഫ്സ് പൂവം)

# മതബോധനരംഗം

## രൂപതാതല ഇടവക മതബോധന ഉദ്ഘാടനം



2017–18 അദ്ധ്യായന വർഷം രൂപതാതല ഉദ്ഘാടനം കുറുമുള്ളൂർ യൂണിറ്റിൽ ഡയറക്ടർ ഫാ. വർഗീസ് കോട്ടയ്ക്കാട് നിർവ്വഹിക്കുന്നു.

2017–18 അദ്ധ്യയന വർഷത്തെ രൂപതാതല ഇടവക മതബോധന ഉദ്ഘാടനം പെന്തക്കൂസ്താ തിരുന്നാളിനോടനുബന്ധിച്ച് ജൂൺ 4ന് സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ വച്ചു നടത്തപ്പെട്ടു. വികാരി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത മതബോധന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് കോട്ടക്കാട് ദീപം തെളിയിച്ചു കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ബെസ്റ്റ് സൺഡേ സ്കൂൾ അവാർഡ് (ബി. ഗ്രൂപ്പ്) ലഭിച്ചതിന് കുട്ടികളെയും, അധ്യാപകരെയും ഇതിനെല്ലാം പിന്തുണ നൽകിയ PTA/MPT അംഗങ്ങളെയും ഇടവകാംഗങ്ങളെയും ഈ അവസരത്തിൽ വർഗ്ഗീസ് കോട്ടയ്ക്കാട് അച്ചൻ അനുമോദിച്ചു. എച്ച്.എം. റോസമ്മ ഊളക്കാവിൽ, ബ്രദ. ട്ടെജിൻ OFM തെള്ളകം. പാരിഷ് കൗൺസിൽ സെക്രട്ടറി മാത്യു മൂഴിപറമ്പിൽ, സ്റ്റാഫ് സെക്രട്ടറി ജോഷി തോമസ്, പി.റ്റി.എ. കൺവീനർ ഷാജി താന്നിക്കുന്നേൽ എന്നിവർ ആശംസകളർപ്പിച്ചു.

## മതാധ്യാപകർ ഇടവകയുടെ ഉപ്പും പ്രകാശവും : മോൺ ജസ്റ്റിൻ



വിജയപുരം രൂപത മതബോധനദിനാഘോഷം രൂപത വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

ഓരോ മതാധ്യാപകനും ഇടവകയിൽ ഉപ്പും പ്രകാശവുമായി ഇടവകയെ സ്വാദുള്ളതാക്കുകയും പ്രകാശിതമാക്കുകയും ചെയ്യണമെന്നു വിജയപുരം രൂപതാ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ആഹ്വാനം ചെയ്തു. വിജയപുരം രൂപതാ മതബോധനദിനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മെയ് 27ന് വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന മതബോധന ദിനത്തിൽ നല്ല മതബോധന യൂണിറ്റിനുള്ള അവാർഡ്, മതബോധനത്തിലേയും മോറൽ സയൻസിലേയും റാങ്ക് ജേതാക്കൾക്കുള്ള സമ്മാനം എന്നിവ വികാരി ജനറാൾ വിതരണം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കോട്ടയ്ക്കാട്ട്, സി. ജ്യോതിസ്, സി. ആലീസ് എന്നിവർ പ്രസംഗിച്ചു. പ്രഥമാധ്യപകരും സെക്രട്ടറിമാരും ആയി 200 പേർ യോഗത്തിൽ പങ്കെടുത്തു.

## അവാർഡ് ജേതാക്കൾ



2016-17 വർഷത്തിലെ ബെസ്റ്റ് സണ്ടേസ്കൂൾ അവാർഡ് നേടിയവർ വികാരി ജനറാളോടും രൂപതാ ഡയറക്ടറോടുമൊപ്പം. സെന്റ് സെബാസ്റ്റ്യൻസ് ചീന്തലാർ, സെന്റ് മേരീസ് കുറുമുള്ളൂർ, സെന്റ് പയസ് ടെൻത് പയസ് നഗർ, സെന്റ് ഫ്രാൻസിസ് ഡി സാലസ് പെരുവ.

## നല്ല കൈയ്യെഴുത്തു മാസിക



ഏറ്റവും നല്ല കൈയ്യെഴുത്തു മാസികയ്ക്കുള്ള സമ്മാനം (കൊയ്നോണി.) വണ്ടിപ്പെരിയാർ യൂണിറ്റ് ഏറ്റുവാങ്ങുന്നു.

# സെന്റ് മൈക്കിൾസ് പൊതി സൺഡേസ്കൂൾ വാർഷികം



പൊതി സെന്റ് മൈക്കിൾസ് പള്ളിയിൽ സൺഡേ സ്കൂൾ വാർഷികം ആഘോഷിച്ചു. വികാരി റവ.ഫാ. ഔസേഫ് പുത്തൻപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പൊതി സേവാഗ്രാം ഡയറക്ടർ റവ. ഫാ. ജേക്കബ് മുളവരിക്കൽ ഉദ്ഘാടനം ചെയ്തു. പ്രശസ്ത ഫാമിലി കൗൺസിലർ ശ്രീമതി മേരിക്കുഞ്ഞ് ടോമി മുഖ്യപ്രഭാഷണം നടത്തി. കെ.ആർ.എൽ.സി.ബി.സി. മതബോധന കമ്മീഷൻ അംഗമായ ഇടവകാംഗം റവ. സി. മേരി ജ്യോതിസിനെ സമ്മേളനത്തിൽ ആദരിച്ചു. ഇടവക സമിതി സെക്രട്ടറി ശ്രീ. ജോൺ തറപ്പേൽ, മതബോധന പി.റ്റി.എ. കൺവീനർ ശ്രീ. തോമസ് പുളിമൂട്ടിൽ, സ്കൂൾ ലീഡർ മാസ്റ്റർ ഡെറിൻ മറ്റത്തിൽ എന്നിവർ ആശംസാ പ്രസംഗം നടത്തി. റവ. സിസ്റ്റർ മേരി ജ്യോതിസ് മറുപടി പ്രസംഗം നിർവ്വഹിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീ. സന്തോഷ് എസ്.ഒ. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഹെഡ്മാസ്റ്റർ ശ്രീ. കെ.കെ. റെജി സ്വാഗതവും പ്രോഗ്രാം കമ്മറ്റി കൺവീനർ ശ്രീ. സോജൻ പുളിക്കൽ നന്ദിയും പറഞ്ഞു. രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട് സമ്മാനവിതരണം നടത്തി. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു.

## പ്രവേശനോത്സവവും മതാദ്ധ്യാപക സത്യപ്രതിജ്ഞയും



2017-18 അദ്ധ്യയനവർഷത്തെ സൺഡേ സ്ക്കൂൾ പ്രവേശനോത്സവവും, അധ്യാപക സത്യപ്രതിജ്ഞയും ജൂൺ 4 -ാം തീയതി പെന്തക്കൂസ്താ തിരുന്നാളിനോടനുബന്ധിച്ച് സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ വച്ച് നടന്നു. പള്ളിയും പരിസരവും കുട്ടികളുടെ നേതൃത്വത്തിൽ അലങ്കരിച്ചു. ഇടവക വികാരി. റവ.ഫാ. ഡെന്നീസ് ജോസ്ഫ് കണ്ണമാലിയുടെയും, രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. വർഗീസ് കോട്ടക്കാട്ടിന്റെയും നേതൃത്വത്തിൽ നവാഗതരായ കുട്ടികൾ കത്തിച്ച തിരികൾ അൾത്താരയിൽ കർത്താവിന് സമർപ്പിച്ചുകൊണ്ട് ദിവ്യബലി ആരംഭിച്ചു. വി.കുർബാന മദ്ധ്യേ 29 മതബോധന അധ്യാപകർ കത്തിച്ച തിരികളുമായി തിരുസഭയുടെ കൽപനകൾ പാലിച്ചു കൊള്ളാമെന്നും, ദൈവീക വിശ്വാസം തങ്ങളാൽ കഴിയും വിധം കുട്ടികളിൽ വളരാൻ എല്ലാ സഹായങ്ങളും നൽകിക്കൊള്ളാമെന്ന തിരുമാനത്തോടെ സത്യപ്രതിജ്ഞ ചെയ്തു.

ദിവ്യബലിക്കുശേഷം നവാഗതരായ കുട്ടികളെ സമ്മാനങ്ങളും, മിഠായികളും നൽകി സ്വാഗതം ചെയ്തു. ഈ അദ്ധ്യയന വർഷത്തെ പ്രവേശനോത്സവം അടക്കവും ചിട്ടയും കൊണ്ട് ഗംഭീരമാവുകയും, മതബോധന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

## ബെസ്റ്റ് സൺഡേസ്കൂൾ അവാർഡ്

കുറുമുള്ളൂർ, സെന്റ് മേരീസ് ചർച്ച് കുറുമുറുള്ളൂർ വ്യാകുലമാതാ സൺഡേ സ്കൂളിന് 2016-17 അധ്യയനവർഷത്തെ ബി. വിഭാഗം "The Bishop Ambrose Abasolo Memorial Best Sunday School Award'' ലഭിച്ചു. മതബോധന രൂപതാ വാർഷിക സമ്മേളനത്തിൽ വെച്ച് വികാരി ജനറാൾ മോൺ. ജെസ്റ്റിൻ മഠത്തിപ്പറമ്പിൽ സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ് റോസമ്മ ജോണിക്ക് അവാർഡ് കൈമാറി. മുൻ ഇടവക വികാരി ജോർജ് കളീക്കലിന്റെ സമ്പൂർണ്ണ സാന്നിധ്യവും സഹകരണവും നേതൃത്വമനോഭാവവും മതബോധന കുട്ടികൾക്കും അധ്യാപകർക്കും ഈ അവാർഡ് നേടാൻ സഹായകമായി.

# വിമലഹൃദയ പുത്രിമാർ



ജൂൺ 12-ാം തീയതി അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ മുഖ്യ കാർമിക ത്വത്തിൽ വിമലഗിരി കത്തീഡ്രലിൽ അർപ്പിക്കപ്പെട്ട ആഘോഷമായ ദിവ്യ ബലി മദ്ധ്യേ വിജയപുരം രൂപതാ കോൺഗ്രിഗേഷനായ വിമലഹൃദയപു ത്രിമാരുടെ സന്യാസിനി സമൂഹത്തിലെ സഹോദരിമാരായ സി. മേരി സ്റ്റെല്ല, സി. മേരി ജൂലിയ, സി. മേരി അൻസാ എന്നിവർ നിത്യവ്രത വാഗ്ദാനത്തി ലൂടെയും, നവസന്യാസിനികളായ ജസീന്ത (സി. മേരി ഏയ്ഞ്ചൽ), നീതു (സി. മേരി എമിലിൻ) എന്നിവർ പ്രഥമ വ്രത വാഗ്ദാനത്തിലൂടെയും തങ്ങ ളെത്തന്നെ ദൈവത്തിനു സമർപ്പിച്ചു. അഭിവന്ദ്യ പിതാവ് ഈ സഹോദരി മാരുടെ വ്രതവാഗ്ദാനം സ്വീകരിക്കുകയും ദൈവത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തു.

# ആശാകിരണം പദ്ധതി പരിചയപ്പെടുത്തൽ സെമിനാർ

മൂന്നാർ VSSS കോൺഫിറൻസ് ഹാളിൽ വച്ച് ജൂൺ 6 തീയതി രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട അസി. ഡയറക്ടർ റവ.ഫാ. ജോൺസൺ ഒറ്റ ത്തെങ്ങുങ്കൽ ഈ സെമിനാർ ഉദ്ഘാടനം ചെയ്യുകയും VSSS കോട്ടയം ഓഫീ സിൽ നിന്നുള്ള സ്റ്റാഫ് ശ്രീമതി പ്രമീള സെമിനാർ നയിക്കുകയും ചെയ്തു.

ആശാകിരണം എന്ന ക്യാൻസർ സുരക്ഷായജ്ഞത്തെക്കുറിച്ച് വിശദ മായി സംസാരിക്കുകയും, ഒരു ദിവസം 100 മനുഷ്യരെങ്കിലും ക്യാൻസർ രോഗ ബാധിതരാകുകയും ചെയ്യുന്നു എന്ന് സർവേ തെളിയിക്കുന്നതായും പറഞ്ഞു. മൂന്നാർ തോട്ടയം മേഖലയായതുകൊണ്ട് കീടനാശിനികളുടെ ഉപ യോഗം വളരെ കൂടുതലാണ്. അതുകൊണ്ട് തന്നെ ക്യാൻസർ രോഗം ബാധി ക്കാൻ കൂതുതൽ സാധ്യത ഉണ്ടെന്ന സത്യം നാം മനസിലാക്കണം. ക്യാൻസർ രോഗബാധിതർക്ക് സഹായമേകുന്ന മുഖ്യമന്ത്രിയുടെ കാരുണ്യ പദ്ധതിയെക്കുറിച്ചും, 1000/- രൂപ മാസംതോറും പഞ്ചായത്തിൽ നിന്നും കിട്ടുന്ന ധനസഹായത്തെക്കുറിച്ചും വിശദമാക്കുകയും ചെയ്തു. VSSS സ്റ്റാഫിനും, അനീമേറ്റേഴ്സിനും ഈ പദ്ധതിയെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും, കാൻസർ ബാധിതരം സഹായിക്കാൻ നാം ഓരോരുത്തരു

ടെയും പങ്കാളിത്തം എന്തൊക്കെയാണെന്നു വിശദമാക്കി.

ആനിമേറ്റേഴ്സ് സന്നദ്ധസേവകരായി പ്രവർത്തിച്ചുകൊണ്ട് കൂടുതൽ സന്നദ്ധസേവകരെ സംഘടിപ്പിക്കണമെന്നും അവർക്ക് ഐ.ഡി കാർഡ് നൽകുന്നതായിരിക്കുമെന്നും പറഞ്ഞു. ക്യാൻസർ ബാധിതർക്ക് സൗജന്യമായിട്ടും, കുറഞ്ഞനിരക്കിലും താമസസൗകര്യവും ഭക്ഷണവും ലഭ്യമാക്കുന്ന വിവിധ കേന്ദ്രങ്ങളുടെ വിവരങ്ങളും നൽകി. ചെറിയ ചെറിയ ഫണ്ട് സമാഹരണങ്ങൾ വഴിയും വിവാഹം, കുടുംബത്തിലെ മറ്റ് ആഘോഷങ്ങളുടെയും ചിലവിൽ നിന്ന് ഒരു ഭാഗം ഈ സമാഹരണപദ്ധതിയിലേക്ക് നൽകികൊണ്ട്, ഈ തുക ബാങ്കിൽ നിക്ഷേപിച്ച് കാൻസർ ബാധിതർക്ക് വേണ്ടി ധനസഹായം നൽകാനുള്ള കാര്യങ്ങളെക്കുറിച്ചും വിശദമാക്കി. നല്ല ഭക്ഷണശീലവും, വ്യായാമവും നല്ല ജീവിത ശൈലിയും വഴി രോഗങ്ങളെ എങ്ങനെ തടയാം എന്നും സംസാരിച്ചു. ത്രോപ്രാംകുടി ആനിമേറ്റർ ശ്രീമതി ഷൈനിസജി നന്ദി രേഖപ്പെടുത്തി.

# പരിസ്ഥതി ദിനാചരണവും മാതൃകാ ജൈവ കൃഷിത്തോട്ട നിർമ്മാണവും



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും, മൂന്നാർ ഇന്റഗ്രൽ സോഷ്യൽ ട്രാൻസ്ഫർമേഷൻ സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 2017 ജൂൺ 5-ാം തീയതി രാവിലെ 10 മണിക്ക് കാന്തല്ലൂരിൽ വച്ച് പരിസ്ഥിതി ദിനാചരണവും, മാതൃകാ ജൈവകൃഷിതോട്ടനിർമ്മാണവും ഉത്ഘാടനം  കാന്തല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി  ഡെയ്സി റാണി രാജേന്ദ്രൻ നിർവ്വഹിച്ചു. ഈ മേഖലയിലുള്ള ജനതയ്ക്ക് നല്ല ജീവിതനിലവാരം പുലർത്തൻ ആവശ്യമായ വിഷരിത ഭക്ഷണം, ശുദ്ധജലം, മറ്റ് ജീവിത ആവശ്യങ്ങൾ ലഭിക്കാൻ ആവഷ്യമായ കർമ്മ പദ്ധതികളാണ് ഈ പഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്, എന്നും മാതൃകാ ജൈവകൃഷിതോട്ടനിർമ്മാണം എന്ന ഈ പദ്ധതി. പഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പരിപാടികൾക്ക് ഏറ്റവും മികച്ച പിൻതുണ

നൽകും എന്നുള്ളത് ഉറപ്പാണെന്നും, ഇതിനുവേണ്ടി പഞ്ചായത്ത് തലസഹായങ്ങൾ എന്നും ഉണ്ടാകുമെന്നും വാഗ്ദാനം ചെയ്തു.

കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ എക്സിക്യൂട്ടീവ് ഡയറകടർ റവ.ഫാ. ജോർജ് വെട്ടിക്കാട്ടിൽ ഈ പരിപാടിയ്ക്ക് അദ്ധ്യക്ഷം വഹിച്ചു. ആദിയിൽ ദൈവം ഈ ഭൂമിയിലും അതിലുള്ള സകലതും സൃഷ്ടിച്ച്, അത് മനോഹരമായിരിക്കുന്നു എന്ന് കണ്ടു, പക്ഷേ ഇന്ന് ഈ മനോഹാരിത മനുഷ്യന്റെ തെറ്റായ ഇടപെടൽ കൊണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവകൃഷിതോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതുവഴി ഈ മേഖലയിലുള്ള ജനതയ്ക്ക് വിഷരഹിത ഭക്ഷണവും ശുദ്ധജലവും, മാലിന്യമുക്തമായ അന്തരീക്ഷവും നൽകികൊണ്ട് നാം മുന്നോട്ട് പോകണം എന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മപ്പെടുത്തി.

കാന്തല്ലൂർ ഫോറോന വികാരി വെരി. റവ.ഫാ. ഫ്രാൻസീസ് നെടുംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. രാസവളങ്ങളുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ മൂലം മണ്ണിലെ സൂക്ഷ്മാണുക്കളുടെ അളവ് ക്രമാധീതമായി നഷ്ടപ്പെടുകയാണെന്നും, ഇതിന്റെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടപ്പെടുകയും, മണ്ണിന്റെ കാഠിന്യം കൂടുകയും സസ്യങ്ങൾ മുളച്ച് വളരാനുള്ള സാഹചര്യം നഷ്ടപ്പെടുകയും ചെയ്യുന്നു. ഇനിയും ഇത് തുടരാൻ പാടില്ലെന്നും, ജൈവകൃഷി പ്രോത്സാഹംപോലുള്ള സംരംഭങ്ങൾവഴി മണ്ണിന്റെ ഫലഭൂയിഷ്ഠി വീണ്ടെടുക്കണമെന്നും ഓർമ്മപ്പെടുത്തി.

ദൈവം മനുഷ്യനു സമ്മാനിച്ച സുന്ദരമായ പ്രപഞ്ചം മനുഷ്യൻ തന്റെ സ്വാർഥതയിൽ വിരൂപമാക്കാനോ നശിപ്പിക്കാനോ പാടില്ലെന്നും അടുത്ത തലമുറയ്ക്കായി ഈ പ്രപഞ്ചത്തെ കാത്തുസൂക്ഷിക്കണമെന്നും ഈ പരിസ്ഥിതി ദിനത്തിലെടുക്കുന്ന പ്രതിജ്ഞ മുന്നോട്ടുള്ള ഓരോ ദിനവും കാത്തുസൂക്ഷിക്കണമെന്നും ആശംസാപ്രസംഗങ്ങൾ നടത്തിയ ഡെന്നിസച്ചനും ജോൺസണച്ചനും ഫെലിക്സച്ചനും ഓർമ്മിപ്പിച്ചു.

കാന്തല്ലൂർ ആനിമേറ്റർ ശ്രീമതി തങ്കം ജോയ് കൃതജ്ഞത അർപ്പിച്ചു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഫലവൃക്ഷതൈകൾ, നടുകയും, കാന്തല്ലൂരിലുള്ള വാൻമതി, പുലരി, പ്രിയദർശനിനി, നെഹ്റു ജീ എന്നീ നാലു സ്വയം സഹായ സംഘങ്ങളുടെ നേതൃത്വത്തിൽ മാതൃകാ ജൈവകൃഷിതോട്ടത്തിനാവശ്യമായ വിത്ത് വിതയ്ക്കൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## അഭിനന്ദനങ്ങൾ

ഫിലിപ്പൈൻസിലെ Adamson University യിൽ നിന്ന് വിദ്യാഭ്യാസത്തിൽ ഡോക്ടേറ്റ് ( with Specialization in Educational Leadership) നേടിയ റവ.ഫാ. സെബാസ്റ്റ്യൻ (രാജു) പ്ലാത്തോട്ടത്തിന് ഹാർദ്ദമായ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും



# വി.എസ്.എസ്.എസ്. വാർത്തകൾ

## സംയുക്താ മീറ്റിംഗ് – കോട്ടയം മേഖല



സംയുക്താ യോഗം ഫാ.സജി ജോസഫ് പൂവത്തുകാട് ഉദ്ഘാടനം ചെയ്യുന്നു.

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ മേഖലാ വേദിയായ സംയുക്തയുടെ യോഗം തിരുവഞ്ചൂരിൽ ഫാ. സജി ജോസഫ് പൂവത്തുകാട് ഉദ്ഘാടനം ചെയ്തു. മേഖലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ മത്തായി അദ്ധ്യക്ഷയായിരുന്നു. വി.എസ്.എസ്.എസ് സി.ഡി.ഒ ജോസ്മി സെബാസ്റ്റ്യൻ വിലയിരുത്തൽ നടത്തി.

## പ്രവേശന പരീക്ഷാ വിജയികൾ

ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രവേശന പരീക്ഷയ്ക്ക് സജ്ജരാകുവാൻ രൂപതാംഗങ്ങളിൽ സമർത്ഥരായ 10 വിദ്യാർത്ഥികൾക്ക്, വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കോട്ടയം സിവിൽ സർവ്വീസ് അക്കാദമിയുമായി സഹകരിച്ച് പരിശീലനം നൽകുന്നുണ്ട്. ഇതിനായി നടത്തിയ യോഗ്യതാ പരീക്ഷയിൽ (2017-18) തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം താഴെ ചേർക്കുന്നു. ക്ലാസ്സുകൾ ജൂലൈ ആദ്യവാരം ആരംഭിക്കുന്നതാണ്. 1) നീനാ തോമസ്-നെടുമുടി, 2) റിനു ആന്റപ്പൻ- ഏലപ്പാറ, 3) യേശുദാസ് കെ.എ- വെട്ടിമുകൾ, 4) അനു ജേക്കബ്- മുരിക്കടി , 5) ആഗ്നസ് ലോബോ- ചങ്ങനാശ്ശേരി, 6) അനീഷ് വർക്ഷീസ്- വടവാതൂർ, 7) മെറിൻ പീറ്റർ- മധുരവേലി, 8) അനിതമോൾ പി.പി- കാട്ടാമ്പാക്ക് , 9) അഞ്ജന ജോർജ്ജ് - തെള്ളകം, 10) ലിന്റുമോൾ രാജു- മുണ്ടക്കയം

## മെറിറ്റ് ഡേ 2017



'മെറിറ്റ് ഡേ'യിൽ അഭിവന്ദ്യ പിതാവിനോടൊപ്പം

വിജയപുരം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടേയും സംയുക്താഭിമുഖ്യത്തിൽ മെറിറ്റ് ഡേ 2017 സംഘടിപ്പിച്ചു. രൂപതാംഗങ്ങൾ, സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബാലവേദിയംഗങ്ങൾ എന്നിവരിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ് ടു ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ 47 പേർ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ പിതാവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. നാനാതുറകളിൽ നിന്നുള്ള അറിവുകൾ സ്വായത്തമാക്കി നല്ല സമൂഹജീവികളായി നാം മാറേണ്ടതുണ്ടെന്ന് അനുമോദനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. രൂപതാ വികാരി ജനറാൾ മോൺ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ചാൻസിലർ പെരിയ ബഹു. ഫാ. ജോർജ്ജ് ജോൺ മേരിമംഗലം, സൊസൈറ്റി ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ, കോർപറേറ്റ് മാനേജർ ഫാ. പോൾ ഡെന്നി രാമച്ചംകുടി, സൊസൈറ്റി അസി.ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ,കുമാരി ആഗ്നസ് ലോബോ എന്നിവർ പ്രസംഗിച്ചു. കുട്ടികൾക്കായി നടന്ന അവബോധസെമിനാർ ഫാ. ഫിലിപ്പോസ് സി.എം.ഐ നയിച്ചു.

## ജൂലൈ മാസ പരിപാടികൾ

5 ആശാകിരണം - കോർ ടീം മീറ്റിംഗ്
8 സാരഥി ഓട്ടോ ഡ്രൈവർമാരുടെ യോഗം
18 സ്റ്റാഫ് പരിശീലന പരിപാടി
28 ആനിമേറ്റർമാരുടെ പ്രതിമാസയോഗം - കോട്ടയം,മുണ്ടക്കയം
29 ,, - പട്ടിത്താനം,തിരുവല്ല

## അന്താരാഷ്ട്ര ബാലവേലവിരുദ്ധദിനാചരണം



ബാലവേലവിരുദ്ധദിനം ജില്ലാ കളക്ടർ സി.എസ് ലത ഉദ്ഘാടനം ചെയ്യുന്നു.

ജൂൺ 12 അന്താരാഷ്ട്ര ബാലവേലവിരുദ്ധദിനം കോട്ടയം ചൈൽഡ് ലൈൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ജില്ലാ ലേബർ ഓഫീസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ആചരിച്ചു. എം.റ്റി സെമിനാരി സ്കൂളിൽ ജില്ലാ കളക്ടർ സി.എ ലത **പരിപാടി** ഉദ്ഘാടനം ചെയ്തു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി.ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ ബാലവേലവിരുദ്ധദിന പോസ്റ്റർ പ്രകാശനം ചെയ്തു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ബിനോയി വി.ജെ, ജില്ലാ ലേബർ ഓഫീസർ ആർ. ഗോപകുമാർ, എം.റ്റി സെമിനാരി ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ കുരുവിള മാത്യ, ഹെഡ്മാസ്റ്റർ ജോൺ മാത്യു, ചൈൽഡ് ലൈൻ നോഡൽ ഓഫീസർ ജസ്റ്റിൻ മൈക്കിൾ, കൊളാബ് കോ-ഓർഡിനേറ്റർ ജോമോൻ പി.എൽ എന്നിവർ സന്നിഹിതരായിരുന്നു.തുടർന്ന് കുട്ടികളും സമൂഹവും എന്ന വിഷയത്തെ ആസ്പദമാക്കി ജില്ലയിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്കായി നടത്തിയ പോസ്റ്റർ ഡിസൈനിംഗ് മത്സരവിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

## ആരോഗ്യ സന്നദ്ധപ്രവർത്തക പരിശീലനം



സന്നദ്ധപ്രവർത്തകർക്കായി എക്സൈസ് കമ്മീഷണർ സുരേഷ് റിച്ചാർഡ് ക്ലാസ്സ് നയിക്കുന്നു.

ആരോഗ്യ സന്നദ്ധപ്രവർത്തകർക്കായി മൂന്നുമാസത്തിലൊരിക്കൽ നടത്തി വരുന്ന ബോധവത്കരണ സെമിനാർ അമലനിലയത്തിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. കാൻസർ, ചികിത്സ എന്നിവയെപ്പറ്റി, മാറിയ ജീവിതശൈലി, വിവിധ രാജ്യങ്ങളിലെ പഠനങ്ങൾ, പത്ര,മെഡിക്കൽ റിപ്പോർട്ടുകൾ ഇവയുടെ അടിസ്ഥാനത്തിൽ എക്സൈസ് ഡപ്യൂട്ടി കമ്മീഷണർ സുരേഷ് റിച്ചാർഡ് ക്ലാസ്സ് നയിച്ചു.ഹെൽത്ത് കോ-ഓർഡിനേറ്റർ പ്രമീള ജോർജ്ജ് പ്രവർത്തന വിലയിരുത്തൽ നടത്തി. 55 പേർ പങ്കെടുത്തു.

## കുടിൽ രഹിത രൂപത പദ്ധതി

കുടിൽ രഹിത രൂപതാ ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് 2017 വർഷത്തിൽ മുണ്ടക്കയം-പാമ്പനാർ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ സംഗമം കുട്ടിക്കാനം തേജസ് ആനിമേഷൻ സെന്ററിൽ വിജയപുരം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ വി.എസ്.എസ്.എസ് പ്രോഗ്രം കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ, പാമ്പനാർ മേഖലാ കോർഡിനേറ്റർ സാബു വി ജോസഫ് എന്നിവർ പദ്ധതി വിശദീകരണം നടത്തി. 80 പേർ പങ്കെടുത്തു.









കുടിൽരഹിത രൂപത പദ്ധതിപ്രക്രാരം നിർമ്മിച്ച ഏതാനും വീടുകൾ

# മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും

## ജൂലൈ- യുവചേതനാനുഭവ മാസം (യുവജനശുശ്രൂഷ)

ലക്ഷ്യം- യുവജന ശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കി എല്ലാ യുവജനങ്ങളെയും സഭയുടെ സുഹൃത്തുക്കളാക്കുക.

**ഇടവകകളിൽ**

ഇടവക യുവജനശുശ്രൂഷാസമിതി നിയമാനുസൃതം രൂപീകരിച്ച് പ്രവർത്തന നിരതമാക്കുക.

വിവിധ യുവജനസംഘടനകളെ അംഗത്വത്തിലും പ്രവർത്തനത്തിലും ശക്തിപ്പെടുത്തുക.

യുവജനങ്ങളിൽ ലഹരിവിരുദ്ധ സംസ്കാരം രൂപപ്പെടുത്താൻ ലഹരി വിരുദ്ധ ക്ലാസുകളും പ്രതിജ്ഞകളും നടത്തുക.

യുവജനങ്ങളെ സഭയിലും കൂട്ടായ്മകളിലും ഉറപ്പിച്ചു നിർത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യുക.

മതബോധന ശുശ്രൂഷയിൽ കൂടുതൽ യുവജനങ്ങളെ പങ്കാളികളാക്കുവാൻ വേണ്ട പദ്ധതികൾ തയ്യാറാക്കുക.

യുവജനങ്ങൾക്കായി ബൈബിൾ, സഭാ പഠനങ്ങൾ തുടങ്ങിയവ സംബന്ധിച്ച പഠന- ചർച്ച ക്ലാസുകൾ സംഘടിപ്പിക്കുക.

യുവജനങ്ങളെ ആനുകാലിക- സാമൂഹിക- രാഷ്ട്രീയ മേഖലകളിൽ കർമ്മനിരതരാകുവാൻ പരിശീലിപ്പിക്കുക.

**യൂണിറ്റുകളിൽ**

യൂണിറ്റിലെ മുഴുവൻ യുവജനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക.

യൂണിറ്റ് യോഗങ്ങളിൽ വരാതെയും ദേവാലയവുമായി ബന്ധപ്പെടാതെയും സഭയിൽ നിന്ന് അകന്ന് നില്ക്കുന്ന യുവതീയുവാക്കളെ കണ്ടെത്തി അവരെ സഭാപ്രവർത്തനങ്ങളിൽ കർമ്മനിരതരാക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.

യുവജനകൂട്ടായ്മകളും യോഗങ്ങളും (യൂത്ത് ബി.സി.സി) സംഘടിപ്പിക്കുക.

യൂണിറ്റിലെ യുവജനങ്ങൾ ഇടവകയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു യുവജനസംഘടനയിൽ അംഗത്വമെടുക്കുവാൻ പ്രോത്സാഹിപ്പിക്കുക.

യൂണിറ്റ് ഭാരവാഹിത്വത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

യൂണിറ്റിലെ കുട്ടികളുടെ സംഘാടനവും കലാ- കായിക രംഗങ്ങളിലുമുള്ള വളർച്ചയും യുവജന സഹകരണത്തോടെ സാധ്യമാക്കുക.

# എന്തുകൊണ്ടാണ് മദ്യപാനം പാപമാകുന്നത്?

**ദൈ**വം ഈ ലോകത്തെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന് സ്വന്തമായി മാത്രം ഏതെങ്കിലും ഒരു സ്ഥലം സൃഷ്ടിച്ചുവോ? ഇല്ല, കടലും കരയും ആകാശവും പ്രപഞ്ചഗോളങ്ങളും എല്ലാം ദൈവം സൃഷ്ടിച്ചു. എല്ലാം നല്ലത് എന്ന് ദൈവം കണ്ടു.

എല്ലാ സൃഷ്ടിയും കഴിഞ്ഞ് ദൈവം തന്റെ അനന്ത ജ്ഞാനത്താൽ ദൈവത്തിനു സ്വന്തമായി ഒരു സ്ഥലം രൂപപ്പെടുത്തി. സ്വന്തം കൈകൊണ്ട് മെനഞ്ഞെടുത്ത്, അവന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവശ്വാസം ഊതി, ഭൂമിയുടെ മുകളിൽ എടുത്തുവച്ചു. അതാണ് മനുഷ്യശരീരം.

മനുഷ്യന്റെ ശരീരം കർത്താവിന് സ്വന്തമാണ്. അത് കർത്താവിന് വേണ്ടിയുള്ളതത്രേ.

**1 കോറി 6:13 "…. ശരീരം കർത്താവിനും കർത്താവ് ശരീരത്തിനും വേണ്ടിയുള്ളതാണ്."**

ഉദരം ആഹാരത്തിനും ആഹാരം ഉദരത്തിനുമെന്നതുപോലെയാണ് കർത്താവും മനുഷ്യശരീരവും തമ്മിലുള്ള യോജിപ്പ്. അതുകൊണ്ട് പരിശുദ്ധാത്മാവ് ദൈവവചനത്തിലൂടെ നിരോധിച്ചിരിക്കുന്ന ഒരു സംഗതിയുണ്ട് : ദുർവൃത്തി.

**1. കോറി. 6:13 "ശരീരം ദുർവൃത്തിക്കുവേണ്ടിയുള്ളതല്ല".**

നമുക്ക് തോന്നിയതുപോലെ ചെയ്യുവാനുള്ളതല്ല ഈ ശരീരം. ഈ ശരീരത്തിന്റെ അന്തസ്സിനെതിരായ ഏതു പ്രവൃത്തിയും പാപമാണ്. ശരീരത്തിന്റെ ആരോഗ്യത്തിനെതിരായ ഏതു പ്രവൃത്തിയും പാപമാണ്. ഈ ശരീരത്തിന്റെ മാന്യത നശിപ്പിക്കുന്ന ഏതു പ്രവൃത്തിയും പാപമാണ്. ശരീരത്തിന്റെ വിശുദ്ധി നശിപ്പിക്കുന്ന ഏതു പ്രവൃത്തിയും പാപമാണ്.

**1. കോറി. 6:19 "നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല"**

"You do not belong to yourselves but to God." 1 കോറി 6:19 "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ്" നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ?

**1. കോറി. 3:16 "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ?"**

എന്റെ ശരീരം ദൈവം എനിക്ക് എന്തിനുവേണ്ടിയാണ് തന്നത്?

**1. കോറി. 6:20 "ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ"**

മദ്യപാനം നന്മയാണ് എന്ന് ചിന്തിക്കത്തക്ക എന്തെങ്കിലും കാരണമുണ്ടോ? മദ്യപാനം നമ്മുടെ ശരീരത്തിന്റെ വിശുദ്ധി വർദ്ധിപ്പിക്കുമോ? മദ്യപിക്കും തോറും നമ്മുടെ പ്രാർത്ഥനാരൂപി കൂടുമോ? എന്താ, മദ്യപാനം ശരീരത്തിന്റെ ആരോഗ്യം വർദ്ധിപ്പിക്കുമെന്ന് കരുതുന്നുവോ? അതോ വ്യക്തിപരമായ നമ്മുടെ മാന്യതയും അന്തസ്സും കൂടുമെന്ന് ചിന്തിക്കുന്നുവോ?

ഭോഷക് ചിന്തിക്കരുതേ...

മദ്യക്കുപ്പിയുടെ ലേബലിൽ പരസ്യപ്പെടുത്തണമെന്ന് സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്നത് എന്താണ്? 'മദ്യം ആരോഗ്യത്തിന് അത്യുത്തമം' എന്നാണോ? എല്ലാ മദ്യഷാപ്പുകളുടെയും ബോർഡിൽ മുന്നറിയിപ്പ് നല്കിയിരിക്കുന്നത് എന്താണ്? മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്നല്ലേ? നാശം എന്നല്ലേ അതിന്റെ അർത്ഥം? മറ്റൊരു വാക്കിൽ പറഞ്ഞാൽ വ്യക്തമായ അറിവോടുകൂടെയാണ് എല്ലാവരും ഈ പാപം ചെയ്യുന്നത്.

ഞാനീ കുടിക്കുന്നത് എന്റെ ആരോഗ്യത്തിനും എന്റെ കുടുംബത്തിനും എന്റെ ആത്മാവിനും നാശം തന്നെ. എന്ന ബോധ്യത്തോടെയാണ് നാമിതുവരെ മദ്യപിച്ചത്, പുകവലിച്ചത്, മറ്റു ലഹരിസാധനങ്ങൾ ഉപയോഗിച്ചത്.

തെറ്റുപറ്റി ന്യായീകരിക്കരുത്. നിർത്തുവാനുള്ള തീരുമാനം എടുക്കുക. ഈ വഴി ഇനി മുന്നോട്ട് പോകരുത്.

ഗലാ. 6:8 **"സ്വന്തം ജഡത്തിനായി വിതക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്തെടുക്കു.?"**

പ്രഭാ. 21:2 **"സർപ്പത്തിൽ നിന്നെപ്പോലെ പാപത്തിൽ നിന്ന് ഓടിയകലുക?"**

സുഭാ. 16:17 **"സ്വന്തം വഴി കാക്കുന്നവൻ ജീവൻ പരിരക്ഷിക്കുന്നു."**

സുഭാ. 16:20 **"ദൈവവചനം ആദരിക്കുന്നവൻ ഉത്കർഷം നേടും.."**

പ്രഭാ. 5:2 **"സ്വന്തം കഴിവ് ആശ്രയിച്ച് ഹൃദയാഭിലാഷങ്ങൾക്കൊത്ത് ജീവിക്കരുത്."**

**ഈ വചനങ്ങൾക്ക് എതിരായ തെറ്റുകൾ**

1. മുഴുക്കുടിയനായി ജീവിക്കുന്നതും പാപമല്ല എന്ന് കുരുതുന്നതും.
2. ആണുങ്ങളായാൽ അല്പം മദ്യപിക്കുകയും പുകവലിക്കുകയും വേണം എന്ന വികലമായ കാഴ്ചപ്പാട്.
3. ക്രിസ്തുമസ്, ഈസ്റ്റർ, വിവാഹം, മാമ്മോദീസ, ആദ്യകുർബ്ബാന സ്വീകരണം, മരണാനന്തരചടങ്ങുകൾ. തുടങ്ങിയ അവസരങ്ങളിൽ മദ്യം വിള

*തുടർച്ച പേജ്-30*

# മതബോധന കേന്ദ്രം

ജൂലൈ 8-ാം തീയതി ന്യൂ ടീച്ചേഴ്സ് സംഗമം, കോട്ടയം, കുട്ടിക്കാനം, മൂന്നാർ എന്നിവിടങ്ങളിൽ നടത്തപ്പെടുന്നു. പുതിയ അധ്യാപകരെ പങ്കെടുപ്പിക്കുക.

മേഖലമതബോധനദിനം നടത്താത്ത മേഖലകൾ എത്രയും വേഗം അതു നടത്തി റിപ്പോർട്ട് ഓഫീസിൽ നൽകേണ്ടതാണ്.

മിഷൻലീഗ്, തിരുബാലസഖ്യം എന്നിവയുടെ ഇടവകതല ഭാരവാഹികളുടെ മേൽവിലാസം എത്രയും വേഗം ഓഫീസിൽ എത്തിക്കുക.

*മതബോധന ഡയറക്ടർ*

മ്പുന്നതും വല്ലപ്പോഴും മദ്യപിക്കുന്നത് പാപമല്ല എന്ന് കരുതുന്നതും.

4. ഔദ്യോഗികാവശ്യങ്ങൾക്ക് (ട്രാൻസ്ഫർ, പ്രമോഷൻ etc ) ആയുള്ള പാർട്ടികളിൽ മദ്യം വിളമ്പുന്നതും ബന്ധങ്ങളും സൗഹൃദങ്ങളും ഊഷ്മളമാക്കാൻ മദ്യം ഉപയോഗിക്കുന്നത് പാപമല്ല എന്ന ധാരണയും, അതിഥി സല്ക്കാരത്തിനായി മദ്യം വീട്ടിൽ സൂക്ഷിക്കുന്നതും.
5. വാറ്റ് ചാരായം ഉണ്ടാക്കുന്നതും വില്ക്കുന്നതും ഏതെങ്കിലും രീതിയിൽ അതിനെ പ്രോത്സാഹിപ്പിക്കുന്നതും.
6. ബാർ, കള്ളുഷാപ്പ് എന്നിവ നടത്തുന്നതും അവിടെ ജോലി ചെയ്യുന്നതും.
7. **മദ്യപാനത്തെ ന്യായീകരിക്കാൻ വചനത്തെ ദുരുപയോഗിക്കുന്നത്.**
8. വൈദീകർക്കും സമർപ്പിതർക്കും മദ്യം കൊടുക്കുന്നതും മദ്യപിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും.
9. ഏതെങ്കിലും കാര്യസാധ്യത്തിനായി മദ്യം സമ്മാനിക്കുന്നത്.
10. അദ്ധ്വാനഭാരമുള്ള ജോലികൾ ചെയ്യുന്നവർ ക്ഷീണം, പിരിമുറക്കം, എന്നീ കാരണങ്ങളാൽ മദ്യപിക്കുന്നത്.

ഇത്തരത്തിലുള്ള എല്ലാ തിന്മകളിലും നിന്ന് അകന്നു നിലക്കണമെന്ന് വചനം നമ്മോടാവശ്യപ്പെടുന്നു. **ഈ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അനുതപിച്ച് കുമ്പസാരിക്കണം**. വീട്ടിൽ മദ്യം സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അതെടുത്ത് ഒഴുക്കിക്കളയണം.

*(ഫാ. സേവ്യർഖാൻ വട്ടായിലിന്റെ കൈപ്പുസ്തകത്തിൽ നിന്ന്)*

## പരേതരെ സ്മരിക്കാം – ജൂലൈ

| | | |
|---|---|---|
| 1 | (1955) | Fr.Joseph Mundancherry |
| 3 | (2000) | Fr.John Thattarady |
| 9 | (1955) | Fr.Silverio OCD |
| 10 | (1979) | Fr.Daniel OCD |
| 12 | (1941) | Fr.Francis OCD |
| 13 | (1997) | Fr.Joseph Illimoottil |
| 20 | (2012) | Fr.Peter S.Dcruz |
| 23 | (2006) | Fr.Joseph M De Almeida |
| 24 | (1989) | Fr.Alphonse Mary OCD |
| 24 | (1995) | Fr.Nemesius OCD |
| 31 | (2010) | Fr.Augustine Munduvalayil |

# MSMHC NIRMALA NIKETHAN SENIOR CITIZENS' HOME





വിജയപുരം രൂപതയിലെ നെടുങ്ങപ്ര പയ്യാലിൽ, MSMHC സന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ നിർമ്മല നികേതൻ സീനിയർ സിറ്റിസൺസ് ഹോം പ്രവർത്തനം തുടങ്ങി. അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് 2017 ജനുവരി 24 നാണ് നിർമ്മലനികേതനും ഇതിനോടനുബന്ധി ച്ചുള്ള ചാപ്പലും ആശീർവദിച്ചത്. MSMHC ജനറാൾ റവ.സി. ഫിലോമിന മാത്യു, പ്രൊവിൻഷ്യാൾ, റവ.സി. മോളി ജെയിംസ്, എം.എൽ.എ. ശ്രീ. എൽദോസ് കുന്നപ്പള്ളി, Ex. MLA ശ്രീ സാജു പോൾ എന്നിവർ സന്നിഹിത രായിരുന്നു നെടുങ്ങപ്ര പയ്യാൽ ജംഗ്ഷന് സമീപം സ്ഥാപിതമായിരിക്കുന്ന, ഏറ്റം പ്രകൃതി സുന്ദരമായതും, ആവശ്യമായ ഭൗതികവും, ആത്മീയവുമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതുമായ ഈ ഭവനത്തിലേയ്ക്ക് സീനിയർ സിറ്റിസൺസായ ഏവർക്കും സ്വാഗതം!

# നീ പങ്കെടുക്കുന്ന ദിവ്യബലിയുടെ മാഹാത്മ്യം

ദൈവ പിതാവിന്റെ മാനവരക്ഷാകര പദ്ധതിയുടെ പൂർത്തീകരണമായി, കാൽവരിയിലെ തിരുക്കുരിശിൽ തൂങ്ങിക്കിടന്നുകൊണ്ട് അനേകരുടെ മോചനദ്രവ്യമായി (മത്തായി 20:28, മർക്കോസ് 10:45, തിമോത്തി 2:6) യേശുനാഥൻ സ്വജീവൻ സമർപ്പിച്ചപ്പോൾ, പരിശുദ്ധ അമ്മയും സ്വപുത്രന്റെ നിയോഗത്തോടു ചേർന്നുകൊണ്ട്, തന്നെത്തന്നെ പിതാവിനു സമർപ്പിച്ചു. അന്ന് മാതാവ് കാൽവരിയിൽ ചെയ്തതുപോലെ, നമ്മളും ദിവ്യബലി സമയത്ത്, നമ്മുടെ ജീവനും ജീവിതവും നമുക്കുള്ള സമസ്തവും, നമ്മുടേയും മറ്റുള്ളവരുടേയും പാപപരിഹാരത്തിനും മറ്റുമായി കർത്താവിന്റെ തിരുശരീരത്തോടും തിരുരക്തത്തോടും ആത്മാവോടും ചേർത്തുകൊണ്ട്, നിത്യപിതാവിനു കാഴ്ചയർപ്പിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ അൾത്താരയിലെ ദിവ്യബലി, കാൽവരിയിലെ ബലിയുടെ തുടർച്ചയാണ്.

1. നീ ദിവ്യബലിയിൽ പങ്കെടുക്കുമ്പോൾ, നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തോടു കാണിക്കാവുന്ന ഏറ്റവും വലിയ ബഹുമാനമാണ് നീ കാണിക്കുന്നത്.
2. നീ അർപ്പിക്കുന്ന ദിവ്യബലി വഴി, നിന്റെ വീഴ്ചയ്ക്കും കുറവുകൾക്കും അനാദരങ്ങൾക്കും കർത്താവു തന്നെ നിനക്കുവേണ്ടി പരിഹാരം ചെയ്യുന്നു.
3. ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ, നിന്റെ പാപങ്ങളുടെ കറ തിരുരക്തത്താൽ കഴുകപ്പെടുന്നു.
4. നീ പങ്കെടുക്കുന്ന ദിവ്യബലി, നിന്റെ മേൽ പിശാചിനുള്ള ശക്തിയെ ദുർബലമാക്കുന്നു.
5. നീ പങ്കെടുക്കുന്ന കുർബാന, നിനക്കു വന്നുഭവിക്കാനിരിക്കുന്ന അനേകം ആപത്തുകളിൽ നിന്നും അനർത്ഥങ്ങളിൽ നിന്നും, നിന്നെ സംരക്ഷിക്കുകയും, നിന്റെ ശുദ്ധീകരണ സ്ഥലവാസത്തിന്റെ ദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു.
6. നീ ഭക്തിപൂർവം സംബന്ധിക്കുന്ന ദിവ്യബലി, ശുദ്ധീകരണാത്മാക്കളെ ഏറ്റവും അധികം ആശ്വസിപ്പിക്കുന്നു.
7. നീ പങ്കെടുക്കുന്ന ദിവ്യബലിയുടെ സമയത്ത്, ഭയഭക്തി ബഹുമാനങ്ങളോടെ, ആരാധിച്ചുകൊണ്ട് നിൽക്കുന്ന അനേകായിരം മാലാഖമാർ നിന്റെ ചുറ്റും നിൽക്കുന്നുണ്ടെന്ന് ഓർക്കുക.
8. നീ പങ്കെടുക്കുന്ന കുർബാനവഴി, ലൗകീക കാര്യങ്ങളിലും നീ അനുഗ്രഹിക്കപ്പെടും.
9. നീ പങ്കെടുക്കുന്ന ദിവ്യബലി, ഏതെങ്കിലും വിശുദ്ധനോ മാലാഖയ്ക്കോ ദൈവം നൽകിയ പ്രത്യേക കൃപകൾക്ക് ഉപകാരസ്മരണയായും അവരുടെ ഓർമ്മക്കായും കാഴ്ചവെയ്ക്കുമ്പോൾ അതിന്റെ ഫലമായി അവരുടെ പ്രത്യേക സഹായവും സ്നേഹവും നീ അർഹിക്കുന്നു.
10. നീ പങ്കെടുക്കുന്ന ദിവ്യബലിയിൽ മറ്റു നിയോഗങ്ങൾക്കുപുറമേ അന്നത്തെ പ്രത്യേക വിശുദ്ധന്റെ ഓർമ്മയാക്കായി എന്ന നിയോഗം കൂടി ഉണ്ടായാൽ, കൂടുതൽ ഫലമുണ്ടായിരിക്കും.

11. നീ ഇപ്പോൾ പങ്കെടുക്കുന്ന ഓരോ കുർബാനയും, മരണശേഷം നിന ക്കുവേണ്ടി മറ്റാരെങ്കിലും അർപ്പിക്കുന്ന അനേകം കുർബാനകളേക്കാ ൾ നിനക്ക് ഉപകാരപ്രദമായിരിക്കും.
12. ഭക്തിപൂർവ്വം നീ പങ്കെടുക്കുന്ന വിശുദ്ധ ബലികൾ, നിന്റെ മരണസമ യത്ത് നിനക്ക് ഏറ്റവും വലിയ ആശ്വാസകാരണമായിരിക്കും.
13. നീ പങ്കെടുക്കുന്ന ഓരോ ദിവ്യബലിയും നിന്നോടുകൂടി വിധി സ്ഥല ത്തുവന്ന് നിനക്കുവേണ്ടി ക്ഷമാപണം ചെയ്യും.
14. നിന്റെ ഭക്തി തീക്ഷ്ണതകൾ അനുസരിച്ച് നീ പങ്കെടുക്കുന്ന ഓരോ കുർബ്ബാനയും, നിന്റെ കാലത്തിനടുത്ത ശിക്ഷ കുറയ്ക്കും.
15. ദിവ്യബലി സമയത്ത് പല അത്ഭുതങ്ങളും നടക്കുന്നുണ്ട്. പലരുടേയും രോഗങ്ങൾ അത്ഭുതകരമായി സുഖമാകുന്നുണ്ട്. പലർക്കും ദിവ്യമായ പ്രചോദനങ്ങൾ കിട്ടുന്നുണ്ട്. എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്ന പലർക്കും ദിവ്യബലി സമയത്ത് ഇന്നതുപോലെ ചെയ്യുക എന്ന വെളി പാടു ലഭിക്കുന്നുണ്ട്. പല മാനസാന്തരങ്ങളും ആത്മീയമായ അനുഗ്ര ഹങ്ങളും കിട്ടുന്നുണ്ട്. ദർശനവരമുള്ളവർക്ക് ദിവ്യബലി സമയത്ത് നട ക്കുന്ന അത്ഭുതങ്ങൾ കാണുവാൻ കഴിയും.
16. എമ്മാവൂസിലേക്ക് പോയ രണ്ട് ശിഷ്യന്മാരുടെ അനുഭവം നമുക്ക് ഓർക്കാം.... (ലൂക്കാ 24:13-35) എമ്മാവൂസിൽ വച്ച് നമ്മുടെ കർത്താവ് അപ്പം എടുത്ത് ആശീർവദിച്ച് അവർക്ക് കൊടുത്തപ്പോൾ, പരിശുദ്ധാ ത്മാവിനാൽ നിറഞ്ഞ് അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും, അവർ ധൈര്യമുള്ളവരാവുകയും ചെയ്തു. ഇതുപോലെ ദിവ്യകാരുണ്യ സ്വീക രണം നടത്തുമ്പോൾ പരിശുദ്ധാത്മാവുകൊണ്ട് നമ്മളും നിറയും. നമ്മുടെ പരിശുദ്ധ അമ്മ ഗർഭിണിയായിരുന്ന അവസരത്തിൽ (ലൂക്ക 1:39-45) ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുകയുണ്ടായി. പരി ശുദ്ധ അമ്മയുടെ ഗർഭത്തിൽ ഉണ്ടായിരുന്ന ഉണ്ണിയേശുവിന്റെ സാമീപ്യം കൊണ്ടുതന്നെ എലിസബത്തും അവളുടെ ഉദരത്തിലുണ്ടായിരുന്ന സ്നാപകയോഹന്നാനും പരിശുദ്ധാത്മാവുകൊണ്ട് നിറയുകയും എലി സബത്ത് പ്രവചിക്കാൻ തുടങ്ങുകയും ചെയ്തു. ദിവ്യകാരുണ്യ സ്വീക രണം വഴി യേശു നമ്മുടെ ഹൃദയത്തിൽ വരുമ്പോൾ നമ്മളും പരിശു ദ്ധാത്മാവുകൊണ്ട് നിറയുവാനും ദൈവീക ജീവനിൽ പങ്കുകാരാകു വാനും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും ഫലങ്ങളും നമ്മിൽ ഉണ്ടാകുവാനും കർത്താവ് ഇടവരുത്തും. (യോഹ 4:10-14 ധ്യാനിക്കുക.)

*(ഡോ. ജെ. കാട്ടൂക്കാരൻ)*

## മിഷൻ കോൺഗ്രസും ബി.ബി.സി. കൺവൻഷനും

ഒക്ടോബർ 6,7,8 തീയതികളിൽ വല്ലാർപാടത്ത് നടക്കുന്ന മിഷൻ കോൺഗ്രസിൽ രൂപതയിൽ നിന്നു പങ്കെടുക്കുന്നവരുടെ, രൂപതാ സംഗമം ജൂലൈ 27 വ്യാഴം 9.30 മുതൽ 3.30 വരെ വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. സംഗമത്തിൽ പങ്കെടുക്കുന്നവർ ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയും കൊണ്ടുവരേണ്ടതാണ്.

*മിനിസ്ട്രി കോർഡിനേറ്റർ*



# അഭിവന്ദ്യ പിതാവിന്റെ
## ജൂലൈ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01 | ശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 07 | വെള്ളി | | - | PPD |
| 09 | ഞായർ | 5.00 pm | - | ദിവ്യബലി, തിരുവനന്തപുരം |
| 10 | തിങ്കൾ | 11.00 am | - | വിവാഹാശീർവ്വാദം<br>ലിറ്റിൽ ഫ്ളവർ ചർച്ച്, വനവാതുക്കര |
| 13 -16 | | | - | KRLCBC & KRLCC, പി.ഒ.സി, എറണാകുളം |
| 16 | ഞായർ | 5.00 pm | - | ദിവ്യബലി, കർമ്മലമാതാവിന്റെ തിരുനാൾ<br>മിണ്ടാമഠം, കോട്ടയം |
| 18 -19 | | | - | മേജർ സെമിനാരി കമ്മീഷന്റെ സന്ദർശനം<br>കാർമ്മൽ ഗിരി സെമിനാരി, ആലുവ |
| 21 | വെള്ളി | | - | PPD |
| 27 | വ്യാഴം | 10.00 am | - | മിഷൻ കോൺഗ്രസ് രൂപതാതല സംഗമം<br>വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 28 | വെള്ളി | | - | PPD |

**ജൂലൈ 2 അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ മെത്രാഭിഷേക വാർഷി കവും 30ന് ജന്മദിനവും ആണ്. അഭിവന്ദ്യ പിതാവിന് ഏറ്റവും ആദരവോടെ പ്രാർത്ഥനാശംസകളും മംഗളങ്ങളും രൂപതാമക്ക ളൊന്നു ചേർന്നർപ്പിക്കുന്നു. AD MULTOS ANNOS.**




Need a vehicle?
Vehicle loans from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
*Terms and conditions apply
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

JULY 2017
Vol. 10 • Issue 7
Published on
1st July 2017

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

SOUTH INDIAN Bank

Experience Next Generation Banking

SIB *YOUTH PLUS* Savings Account

"There is no better time to experiment
with the good things that come to your life...."

*Experience the Next Generation Savings Account for YOUTHS*

**ആനിക്കാട് റീജിയണൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

ക്ലിപ്തം നമ്പർ 3867, ആനിക്കാട് P.O. Pin: 686503, Head Office: പള്ളിക്കത്തോട്
(ക്ലാസ് വൺ സൂപ്പർഗ്രേഡ്)

Phone : 0481-2551842 • E-mail: arfscbank3867@gmail.com • Website: www.arfscb.com

ബ്രാഞ്ചുകൾ: മെയിൻ ബ്രാഞ്ച് : 2551042 • M & E കൗണ്ടർ : 2551705 • ഇളമ്പള്ളി: 2457003
മുക്കാലി : 2551013 • ടൗൺ ബ്രാഞ്ച് : 2551113 • കുറുംങ്കുടി: 2459113 • അരുവിക്കുഴി: 2553142

കോട്ടയം ജില്ലയിലെ പ്രമുഖ ധനകാര്യ സ്ഥാപനം....

അംഗങ്ങൾ: 18425 • ഓഹരി മൂലധനം: 2.12 കോടി • നിക്ഷേപം: 130 കോടി • വായ്പാ: 80 കോടി

- കോർ ബാങ്കിംഗ് സംവിധാനം
- നീതി സ്റ്റോറുകൾ
- നീതി മെഡിക്കൽ സ്റ്റോർ (ഫോൺ: 0481-2553724)
- മഴമറ കൃഷി
- ആലില പദ്ധതി
- സഹകാരി മന്ദിരം
- ഔഷധി ആയുർവ്വേദ വൈദ്യശാല
- സ്പെഷ്യൽ ഗോൾഡ് ലോൺ കൗണ്ടർ
- വനിതകളുടെ ശാക്തീകരണത്തിനും സാമ്പത്തിക പുരോഗതിക്കുമായി സഹകരണശ്രീ
- ബയോമെഡിക്കൽ ക്ലിനിക്കൽ ലാബോറട്ടറി (ഫോൺ: 0481-2553042)
- കർഷക സേവനകേന്ദ്രം-കേരള സർക്കാർ ധനസഹായ പദ്ധതി
- അഗ്രോ ഷോപ്പ് - കാർഷിക യന്ത്രോപകരണ ഷോറൂം
- M&E ബ്രാഞ്ചിൽ ഞായറാഴ്ച 8.00 am-1.00 pm : സൺഡേ ബാങ്കിംഗ്
- ആംബുലൻസ് സർവ്വീസ് (ഫോൺ: 9995600311)
- സുവർണ്ണ കേരളം- വിഷമില്ലാത്ത പച്ചക്കറി- തൈവിതരണം- മട്ടുപ്പാവ് കൃഷി
- പരമ്പരാഗത കാർഷികോപകരണ റിപ്പയറിംഗ്-ആല
- ഉറവിട മാലിന്യ സംസ്കരണം- പൈപ്പ് കമ്പോസ്റ്റ്
- അംഗങ്ങൾക്ക് സൗജന്യ അപകട ഇൻഷ്വറൻസ് പരിരക്ഷ

വീട് നിർമ്മാണത്തിന് 120 മാസ കാലാവധിക്ക്
10 ലക്ഷം രൂപവരെ 11.5% പലിശനിരക്കിൽ
ഭവനവായ്പ നൽകുന്നു

*പ്രസിഡന്റ്*
**കെ. ഗോപകുമാർ**

*മാനേജിംഗ് ഡയറക്ടർ ഇൻ ചാർജ്*
**പുഷ്പകുമാരിയമ്മ കെ.ആർ.**

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180